
# THE BIBLE TRUTH



# EXCELLENT OFFER ALMOST FREE !

**Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.**

**Also Available Are 20 Books In Hindi Just For Rupees Twenty Only.**

**All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:**

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയനിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 10 September 1996 No. 6

## എഡിറ്റോറിയൽ

ക്രിസ്തുവിന്റെ സഭ എന്ന ഏക സഭയാണ് പുതിയ നിയമത്തിൽ നാം വായിക്കുന്നത്. മററു പേരുകളിൽ അറിയപ്പെടുന്ന സഭകളെ വ്യാജൻമാർ ആണെന്നു പേരിൽ നിന്നു തന്നെ തിരിച്ചറിയാം. എന്നാൽ ഒരേ പേരിൽ അറിയപ്പെടുന്ന സാധനങ്ങളുടെ ഗുണനിലവാരത്തെ പരിശോധിച്ചാൽ മാത്രമെ അതു വാസ്തവത്തിലുള്ളതോ അല്ലയോ എന്നു അറിയാൻ പററു. ക്രിസ്തുവിന്റെ സഭ എന്ന പേരിൽ അറിയപ്പെടുന്ന സഭകളിൽ പുതിയ നിയമത്തിൽ കാണാത്ത വിശ്വാസമോ, ഉപദേശമോ, ആചാരമോ കണ്ടാൽ ആ സഭ വ്യാജമെന്നു തീർത്തു പറയാം. സഭയുടെ ഘടനയിലാണെങ്കിലും പുതിയ നിയമത്തിൽ ഇല്ലാത്ത സ്ഥാനമാനങ്ങൾ ആരെങ്കിലും സ്വീകരിച്ചാൽ ആ സഭയും വേദപുസ്തകാനുസരണമുള്ളതല്ല. ഏതാനും പേർ സമാധാനിക്കുന്നതു നിസ്സാര കാര്യങ്ങളിലുള്ള വ്യത്യാസം കണക്കിലെടുക്കണ്ട എന്നാണ്, പക്ഷെ ദൈവം അങ്ങനെ ചിന്തിക്കുന്നവനല്ല എന്നു നാം ഓർമ്മിക്കണം. ക്രിസ്തുവിന്റെ സഭ എല്ലാ കാര്യത്തിലും ക്രിസ്തുവിന്റെ സഭ തന്നെയായിരിക്കണം.

ഉപദേശം കർത്താവ് അപ്പോസ്തലന്മാർക്കു നല്കുകയും അവർ അതു രേഖപ്പെടുത്തുകയും ചെയ്തു. മനുഷ്യരുടെ സങ്കല്പങ്ങളും ഊഹങ്ങളും ക്രിസ്തുവിന്റെ ഉപദേശത്തോടു ബന്ധിപ്പിക്കാവുന്നതല്ല. കല്പനയായിട്ടോ, മാതൃകയായിട്ടോ പുതിയ നിയമത്തിൽ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയ സന്ദേശങ്ങളെ നാം അതേ

പടി സ്വീകരിക്കണം. അതിൽ നാം സംതൃപ്തരായിരിക്കണം. എഴുതിയിരിക്കുന്നതിനപ്പുറം നാം ഭാവിക്കരുതു ഭൗതികമായ ഒന്നല്ല കർത്താവിൻെറ സഭ; ഭൗതികവും ആത്മികവും കൂട്ടിക്കലർത്തി മനുഷ്യരെ തെററിദ്ധരിപ്പിക്കുന്ന നാമധേയ വിഭാഗങ്ങൾ ഇന്നു ദൈവത്തിൽ നിന്നു ഏറെ അകന്നു കഴിഞ്ഞിരിക്കുന്നു. തെററായ സ്വബദ്ധവ്യവസ്ഥിതിയും സുവിശേഷ പ്രചരണത്തിൽ നിന്നും വിട്ടുകൊണ്ടുള്ള സംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും ആകർഷണീയ വലയവും അവരെ അധഃപ്പതിപ്പിച്ചിരിക്കുന്നു. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിൻെറ വായിൽ നിന്നുവരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്നു എന്ന കാര്യം അവർ വിസ്മരിക്കുന്നു.

ക്രിസ്തുവിൻെറ സഭയ്ക്ക് പ്രസിഡൻേറാ സെക്രട്ടറിയോ ബൈബിളിൽ നാം വായിക്കുന്നില്ല പിന്നെ സഭയുടെ റെജിസ്ട്രേഷനും മററും ഇങ്ങനെ ചില ഔദ്യോഗിക സ്ഥാനങ്ങൾ കൊടുക്കുന്നുവെങ്കിൽ അതു സ്ഥാനപ്പേരായി അറിയപ്പെടാവുന്നതല്ല. പുതിയ നിയമ സഭ ഉപകരണങ്ങൾ ഉപയോഗിച്ച് പാട്ടു പാടുകയോ, സ്ത്രീകൾ വിശുദ്ധന്മാരുടെ സഭായോഗങ്ങളിൽ പ്രാർത്ഥിക്കുകയോ സംസാരിക്കുകയോ ചെയ്തിരുന്നില്ല. ക്രിസ്തുവിൻെറ സഭ എന്ന പേരിൽ അറിയപ്പെട്ടിട്ട് ഈ സമ്പ്രദായങ്ങളും മററും ദത്തെടുത്താൽ ആ സഭ ക്രിസ്തുവിൻേറതെന്ന് നമുക്കു പറയാൻ സാദ്ധ്യമല്ല. ക്രിസ്തുവിൻെറ സഭയ്ക്കു തിരിച്ചറിയാവുന്ന അടയാളങ്ങൾ ബൈബിളിൽ ഉണ്ട്. വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ പ്രവർത്തിക്കുന്നവരുമായി യഥാർത്ഥ ക്രിസ്തുവിൻെറ സഭയ്ക്കു യാതൊരു പങ്കാളിത്തവുമില്ല. അവരുടെ ആത്മിയ കാര്യങ്ങളിൽ സഹകരിക്കാവുന്നതല്ല. ഒരു വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള ബന്ധമാണ് യഥാർത്ഥ ക്രിസ്തുവിൻെറ സഭയും അല്ലാത്തവരും തമ്മിൽ ഉള്ളത്.

★

# യേശു ക്രിസ്തു എപ്പോൾ വരും?

J. C. ചോട്ട്

ക്രിസ്തു രണ്ടാമതു വരുമെന്നു ബൈബിൾ പഠിപ്പിക്കുന്നു. എന്നാൽ അവൻ എപ്പോൾ വരുമെന്നാണ് ചോദ്യം. തുടർച്ചയായി വ്യക്തികളും മതസംഘടനകളും കർത്താവിൻെറ വരവ് ആസന്നമായിരിക്കുന്നു എന്നു പ്രസംഗിച്ചു വരുന്നു. അവരുടെ പ്രസ്താവനകൾ കേട്ടാൽ അവൻ വരുന്ന യഥാർത്ഥ തീയതിപോലും അവർക്കറിയാം എന്നു തോന്നും. ചിലർ ആ ദിവസം ഏതു തീയതിയായിരിക്കും എന്നു പോലും പറയാറുണ്ട്. ഈ ആളുകൾ അതുകൊണ്ട് സർക്കാരിനു നികുതി കൊടുക്കാതെ, കുട്ടികളെ വിദ്യാലയങ്ങളിൽ അയക്കാതെ അവർക്കുള്ളതെല്ലാം വിററു അവരുടെ ജീവിത ശൈലി തന്നെ മാററുന്നു. അവർ എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത് എന്നു ചോദിച്ചാൽ കർത്താവ് വരുന്നതുകൊണ്ടാണ് എന്നു മറുപടിയും തരും. കർത്താവിൻെറ വരവിൻെറ തീയതി പറയുന്ന അവരുടെ നേതാവിനെ വിശ്വസിച്ച് അവർ ഇതെല്ലാം ചെയ്യുന്നതോടു കൂടി അവരുടെ പണവും മററു വസ്തുക്കളും അവരുടെ അദ്ധ്യക്ഷനെ ഏല്പിക്കും. അതിൻെറ കാരണമെന്തെന്നു വ്യക്തമല്ല. കർത്താവു വരുമ്പോൾ പിന്നെ ഭൗതികമായ ഒന്നിൻേറയും ആവശ്യമില്ല എന്ന കാരണത്താൽ അവയെല്ലാം അവരുടെ നായകനു ദാനം ചെയ്യുന്നു. ആ അദ്ധ്യക്ഷന്മാരുടെ അനുയായികൾക്ക് അവ ആവശ്യമില്ലെങ്കിൽ നേതൃത്വത്തിൽ ഇരിക്കുന്നവർക്ക് അവയുടെ ആവശ്യം എന്ത്? എളുപ്പ വഴിയിൽ ധന സമ്പാദനം നടത്തുക എന്നു മാത്രം.

കർത്താവിൻെറ മടങ്ങി വരവിനെകുറിക്കുന്ന തീയതി നിർദ്ദേശിക്കാവുന്ന സൂചനകൾ അവർ ബൈബിൾ വായിച്ച് മനസിലാക്കിയിട്ടാണ് ഇതു ചെയ്യുന്നത്. ചിലപ്പോൾ

ഇതു സ്വദേശീയരേയും വിദേശീയരേയും ആകർഷിക്കാറുണ്ട്. ഒന്നു രണ്ടു വർഷങ്ങൾക്കു മുമ്പ് ഒരു കൊറിയക്കാരൻ ലോകാവസാനത്തിന്റേയും കർത്താവിന്റെ വരവിന്റേയും തീയതി നിശ്ചയിക്കുകയും വെളിപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം ആളുകളെ വഞ്ചിച്ച അവനെ പിന്നീട് പോലീസ് പിടികൂടി തടവിലാക്കി. ചോദ്യം ചെയ്തപ്പോൾ അവൻ പറഞ്ഞ വാക്ക് പ്രസിദ്ധീകരിച്ചതു ഇങ്ങനെയാണ്. "എനിക്കു തെറ്റു പറ്റി എന്നാണ് ഞാൻ ഊഹിക്കുന്നത്" അവൻ മാത്രമല്ല; ഇതുപോലെ തീയതികൾ പറഞ്ഞ പലരുമുണ്ട്. ആ തീയതികളിൽ കർത്താവ് വരാതിരുന്നതുകൊണ്ട് അവരെല്ലാം തെറ്റുകാർ തന്നെയാണ്. ഇനിയും ആളുകൾ അവന്റെ വരവിനെ കുറിച്ചുള്ള തീയതികൾ പ്രഖ്യാപിക്കാനിടയുണ്ട്. ഇപ്രകാരം ഭോഷ്ക് പ്രവചിക്കുന്ന ധാരാളം പേർ ലോകത്തിൽ ഉണ്ടാകും എന്ന് തിരുവെഴുത്തു മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് ആളുകൾ ഇത്ര എളുപ്പത്തിൽ കബളിപ്പിക്കലിനു ഇരയാകുന്നത്? അവൻ വരുന്ന യഥാർത്ഥ തീയതി നാം അറിയണമെന്നു അവനു ആഗ്രഹമുണ്ടായിരുന്നെങ്കിൽ തീർച്ചയായും അവന്റെ വചനത്തിൽ അതു രേഖപ്പെടുത്തുമായിരുന്നു. അതു രഹസ്യമായി വെച്ച് ആരെങ്കിലും ആ സംഖ്യ കണക്കു കൂട്ടി എടുക്കട്ടെ എന്നു കരുതി അനിശ്ചിതത്വത്തിൽ വിടുമായിരുന്നില്ല. ഇന്നു ലോകത്തെ വീക്ഷിക്കുമ്പോൾ അവജ്ഞയും അവിശ്വാസവും ശക്തിപ്പെടുകയാണ് എന്നതു ദുഃഖകരമായ വസ്തുതയാണ്.

മുൻപറഞ്ഞതെല്ലാം സംഭവിച്ചു എന്നിരിക്കിലും കർത്താവ് വരിക തന്നെ ചെയ്യും. അവൻ എപ്പോൾ വരും എന്നതു നമുക്കാർക്കും അറിഞ്ഞു കൂടാ. എങ്ങനെ വിശ്വസിക്കും; അവൻ വരും തീർച്ച. ക്രിസ്തു, കള്ളപ്രവാചകന്മാരെ മുന്നറിയിച്ച് സംസാരിക്കയുണ്ടായി. അങ്ങനെ പ്രസ്താവിച്ചപ്പോൾ പറഞ്ഞു. "ആ നാളും നാഴികയും സംബന്ധിച്ച് എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തി

ലെ ദൂതൻമാരും പുത്രനും കൂടെ അറിയുന്നില്ല'' (മത്തായി 24:36)എന്നത്രെ. ദൈവത്തിനു മാത്രമറിയാവുന്ന നാളും നാഴികയും സംബന്ധിച്ച്, കർത്താവിനും ദൂതന്മാർക്കുമറിയാത്ത തീയതി എനിക്കും നിങ്ങൾക്കും എങ്ങനെ അറിയാം? അങ്ങനെയെങ്കിൽ നമുക്ക് ആർക്കെങ്കിലും കർത്താവിന്റെ വരവ് ഇന്ന ദിവസമാണെന്നു തീർത്തു പറയുവാനോ പ്രഖ്യാപിക്കാനോ എങ്ങനെ കഴിയും? ഈ സംഭവത്തെ കുറിച്ച് ആരെങ്കിലും ഒരു തീയതി നിശ്ചയിച്ച് അറിയിച്ചാൽ ബൈബിളിൽ പറഞ്ഞിരിക്കുന്ന സത്യം അറിയാവുന്നവർക്കു മനസിലാകും അയാൾ ഒരു ദുരുപദേഷ്ടാവ് തന്നെ എന്നു. കാരണം ദുരുദ്ദേശത്തോടെ തെറ്റായ കാര്യങ്ങൾ ആളുകളെ പറഞ്ഞു ധരിപ്പിക്കയാണ് ഇവർ ചെയ്യുന്നത്.

കർത്താവ് തിരഞ്ഞെടുത്തു പഠിപ്പിച്ച അപ്പൊസ്തലനായ പത്രൊസ് പറഞ്ഞിട്ടുള്ളത് ''കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും'' എന്നാണ് (2 പത്രൊസ് 3:10). കർത്താവ് ഒരു കള്ളനല്ല എന്നു നമുക്കറിയാം. കള്ളനെപ്പോലെ വരും എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്? കള്ളൻ എങ്ങനെയാണ് മോഷ്ടിക്കാൻ വരുന്നത്? ഒരു തീയതി നിശ്ചയിച്ച് അതു മുൻകൂട്ടി അറിയിച്ചിട്ടാണോ വരുന്നത്? ഒരിക്കലുമല്ല. മറ്റൊരു രീതിയിൽ പറഞ്ഞാൽ അതായതു കർത്താവിന്റെ പ്രത്യക്ഷത അറിയപ്പെടാത്ത സമയത്തായിരിക്കും എന്നർത്ഥം. അവൻ കള്ളനെ പോലെ വരും എന്നു പറഞ്ഞാൽ അറിയാതെ വരും എന്നാണ് നാം മനസിലാക്കേണ്ടത്. പിന്നെ എന്തിനാണ് അങ്ങനെ ചെയ്യുന്നത്? അവന്റെ വരവിനായി നാം എല്ലായ്പ്പോഴും ഒരുങ്ങിയിരിക്കണം. അവന്റെ വരവിന്റെ സമയം നമുക്ക് അറിയാമെങ്കിൽ അതിനായി ഒരുങ്ങുവാൻ നാം അവസാന സമയം വരെ കാത്തിരിക്കും. അവൻ ഏതു സമയത്തും വരാനിടയുള്ളതുകൊണ്ട്, അവന്റെ വരവ് പ്രതീക്ഷിക്കുന്നവർ എപ്പോഴും തയ്യാറായിരിക്കണം എന്ന ഉദ്ദേശമാണ് ദൈവത്തിനുള്ളത്.

കർത്താവിൻെറ വീണ്ടും വരവിനെ സംബന്ധിച്ച് ചില സൂചനകൾ ദൈവം തരാതിരുന്നിട്ടില്ല. കൃത്യമായ തീയതി പറയാതിരിക്കയും വരും എന്നു പറകയും ചെയ്തിരിക്കയാൽ അതു ഭാവിയിൽ സംഭവിക്കുന്ന ഒന്നാണ് എന്നു നിസംശയം പറയാം. ആ കാലം എങ്ങനെ ആയിരിക്കും എന്നുകൂടെ നമ്മോടു പറഞ്ഞിട്ടുണ്ട്. ആ കാലം നോഹയുടെ കാലം പോലെ ആകും എന്നു വിവരിച്ചിട്ടുണ്ട്. "നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രൻെറ വരവും ആകും." ജലപ്രളയത്തിനു മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്നു എല്ലാവരേയും നീക്കി കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രൻെറ വരവും അങ്ങനെ തന്നെ ആകും (മത്തായി 24: 37-39). മറെറാരു വിധത്തിൽ പറഞ്ഞാൽ, കർത്താവിൻെറ വരവിനെ കുറിച്ച് അവൻ പറഞ്ഞിരിക്കുന്നതൊന്നും ലോകത്തുള്ള ആളുകൾ ശ്രദ്ധിക്കുകയില്ല. അതുകൊണ്ട് ഭൂരിപക്ഷം പേരും തങ്ങളുടെ കാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അവർ തങ്ങൾക്കു തോന്നുന്ന രീതിയിൽ ലൗകിക ജീവിതം നയിക്കുന്നു. തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും, കർത്താവിൻെറ നാൾ വരെ ആളുകൾ നിലകൊള്ളും. എന്നാൽ അന്നു ഇതിനെല്ലാം അവസാനം ഉണ്ടാകും. അന്നു പർവ്വതങ്ങൾ തങ്ങളുടെ മേൽ വന്നു വീഴുവാനും കർത്താവിൻെറ സന്നിധാനത്തിൽ നിന്നും ഓടി രക്ഷ പ്രാപിപ്പാനും ജനങ്ങൾ ആഗ്രഹിക്കും. പക്ഷെ സാദ്ധ്യമല്ലതാനും. പകരം, എല്ലാ മുഴങ്കാലും അന്നു അവൻെറ മുൻപിൽ മടങ്ങും. എല്ലാ നാവും കർത്താവ് എന്നു ഏററു പറകയും ചെയ്യും. എന്നാൽ അന്നു രക്ഷ പ്രാപിപ്പാൻ കഴിയാതവണ്ണം താമസിച്ചു പോകും.

കർത്താവ് വരുന്നത് ആത്മാവിൽ ആകയാൽ അദൃശ്യമായിരിക്കും. അതുകൊണ്ട് ആർക്കും കാണാവുന്നതല്ല എന്നു പ്രചരിപ്പിക്കുന്നവരും ഇല്ലാതില്ല. കർത്താവ് വരും എന്നു പറഞ്ഞിട്ടു വന്നില്ലല്ലൊ എന്നു പറയുമ്പോൾ

അവർ അതിനു നല്കുന്ന വിശദീകരണം. "അവൻ വന്നു; പക്ഷെ ആത്മാവിൽ ആയിരുന്നു. അതുകൊണ്ട് ആർക്കും കാണാൻ പററിയില്ല" എന്നത്രെ. എന്നാൽ തിരുവെഴുത്ത് പറയുന്നതു നേരെ മറിച്ചാണ്. നമുക്കു വായിക്കാം. "ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ" (വെളിപ്പാട് 1:7). മാത്രമല്ല, ദൈവ വചനം പറയുന്നത്: "കർത്താവ് താൻ ഗംഭീര നാദത്തോടും ദൈവത്തിന്റെ കാഹളത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ആകാശവും ഭൂമിയും ഒഴിഞ്ഞു പോകയും ഉയിർത്തെഴുന്നേല്പ് സംഭവിക്കയും ചെയ്യും" എന്നത്രെ. കർത്താവ് വരുമ്പോൾ ആരും അറിയുകയില്ല എന്ന് പറയുന്നതു ശരിയല്ല. എല്ലാവരും അറിയും. പക്ഷെ സമയമോ ദിവസമോ ആർക്കും അറിഞ്ഞുകൂടാ.

നാം ജീവിക്കുന്നു എന്നതു എത്ര തീർച്ചയുള്ള കാര്യമാണോ അതുപോലെ തീർച്ചയുള്ള കാര്യമാണ് കർത്താവിന്റെ വരവും. ആ വലിയ ദിവസത്തിനായി ഒരുങ്ങി കാത്തിരിക്കുവാൻ അവൻ നമ്മെ മുന്നറിയിച്ചിട്ടുണ്ട്. നാം തയ്യാറായിരുന്നാൽ നമ്മുടെ ആത്മാക്കൾക്കു ശുഭമായിരിക്കും. എന്നാൽ ഒരുങ്ങിയിരിപ്പാനുള്ള ക്രിസ്തുവിന്റെ മുന്നറിയിപ്പിനെ അവഗണിച്ചാൽ നിത്യത മുഴുവൻ ദണ്ഡനം അനുഭവിക്കേണ്ടിവരും. നിങ്ങൾ കർത്താവിന്റെ രണ്ടാം വരവിൽ വിശ്വസിക്കുന്നുണ്ടോ ? നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും അവൻ വീണ്ടും വരും എന്നതു സത്യമാണ്. അവനെ നേരിടുവാൻ നിങ്ങൾ ഒരുക്കമാണോ ? ഒരുങ്ങിയിട്ടില്ലെങ്കിൽ, ഇപ്പോൾ നിങ്ങൾ ജീവനോടെ ഇരിക്കുന്ന സമയത്ത് അതിനു സന്ദർഭമുണ്ട്. ഇപ്പോൾ, ഇന്ന് നിങ്ങൾ ആ അവസരം അവനെ അനുസരിക്കുവാനായി വിനിയോഗിക്കുക.

കവിത

# വെള്ള കൊക്ക്

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

വിണ്ണഴകുള്ളൊരു കൊക്കിൻ സമൂഹമേ,
എങ്ങുനിന്നെങ്ങോ പറന്നുപോം ചൊല്ലുമോ.
കതിർത്ത കേദാര താഴ്‌വര തന്നിലോ,
ആഴക്കുളത്തിൽ വരമ്പിൻ മുകളിലോ.

ആരും കൊടുക്കാതെ താങ്ങും തണലുമായ്,
വായും വയറും നിറയ്ക്കുന്നു പാവങ്ങൾ.
കൊററിനുതകുന്ന നത്തയും മീനുമായ്,
അത്താഴമുത്താഴമൊന്നിച്ചു തിന്നുന്നു.

അഴകും വടിവവും തോന്നുമാറെങ്കിലും,
കഥയൊന്നുമില്ലെന്നു കണ്ടാലറിയുമേ.
വെള്ളച്ചിറകൊന്നു വീശി മിനുക്കിയും,
കാര്യം കഴിക്കുന്നു മെല്ലെമേ മെല്ലെമേ.

വിതയും കൊയ്ത്തുമോ ഇല്ലാത്ത കൂട്ടങ്ങൾ,
എങ്ങനെ ജീവിതം കണ്ടു രസിക്കുന്നു.
കാക്കക്കുയിലുകൾ കൂട്ടമതെപ്പഴും,
ചൊല്ലിയും കൊത്തിയും കോംവികൾ കോംക്കുന്നു.

നത്തയും ഞണ്ടും കറിവച്ചു കൂട്ടുവാൻ,
ഞങ്ങളാൽ പററുമോ പൊങ്ങൻ പരുന്തേ,
എന്തിനു ചുമ്മാതെ കോംവികൾ കോംക്കുന്നു,
നീ നിൻെറ കൂടിനെ നന്നായി നോക്കുക.

പാരിൽ പിറന്നത് സങ്കടം പേറുവാൻ,
മണ്ണിൻെറ ദുഃഖമോ കണ്ടറിഞ്ഞീടുവാൻ.
കണ്ടും സഹിച്ചും മടുത്തുപോയ് ജീവിതം,
ഞങ്ങളോ എങ്ങോ പറന്നുപോയീടുമേ.

★

# നമ്മുടെ ഭീതിയെ എങ്ങനെ അതിജീവിക്കാം?

**ക്ലെം തർമാൻ**

വനാന്തരങ്ങളിൽ വസിക്കുന്ന ആളുകളിലും നഗരപ്രാന്തങ്ങളിൽ വസിക്കുന്ന ആളുകളിലും മിക്കവാറും എല്ലാവരിലും കുടികൊണ്ടിരിക്കുന്ന പ്രതിഭാസമാണ് ഭയം, ഏകാന്തത, ദാരിദ്ര്യം, തള്ളിക്കളയൽ, രോഗം, പരാജയം, തള്ളിപ്പറയൽ, ഒററിക്കൊടുക്കൽ, മരണം എന്നു തുടങ്ങി അനേകം കാര്യങ്ങളിൽ മനുഷ്യർ ഇന്നു ഭയം അഥവാ ഭീഷണി നേരിടുകയാണ്. ഇവയെല്ലാം നമ്മുടെ ജീവിതത്തിന്റെ ഓരോ ഭാഗമാണെന്നു പ്രസിദ്ധ നോവലുകളും സിനിമാ കഥകളും ചിത്രീകരിച്ചു വരുന്നു. നാം ഉണർന്നിരിക്കുമ്പോൾ നമ്മുടെ ചിന്തകളിൽ കടന്നു വരും. ഉറങ്ങുമ്പോൾ അത് സ്വപ്നങ്ങളിൽ കടന്നു വരും. ഈ ഭീതികളിൽ നിന്നു നമ്മുടെ ജീവിതത്തെ കരകയററുവാൻ ഒരു സഹായം ആവശ്യമാണ്. അതു ലഭ്യവുമാണ് എന്നു നാം ഓർമ്മിക്കണം.

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ വിട്ടു പിരിഞ്ഞ് പിതാവിന്റെ അടുക്കലേക്കു മടങ്ങി പോകുന്നതിനു മുൻപ് അവരെ ആശ്വസിപ്പിക്കുന്നുണ്ട്. "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; ലോകം തരുന്നതു പോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭ്രമിക്കയുമരുത്" (യോഹന്നാൻ 14:27). ഭയപ്പാടിന്റെ ശക്തി യേശുക്രിസ്തുവിന് അറിയാമായിരുന്നു. ഇന്നു ലോകത്തിന്റെ പല ഭാഗങ്ങളിലും നിലനില്ക്കുന്ന സ്വേച്ഛാധിപത്യത്തിന്റെ ഭീതി അന്നത്തെ തലമുറയിലും അനുഭവപ്പെട്ടിരുന്നു. ചാട്ടവാറിന്റെയും

ക്രൂര മർദ്ദനത്തിൻേറയും കാലഘട്ടമായിരുന്നു അത്. പ്രത്യേകിച്ച് റോമിൻെറ നിഷ്ഠൂര ഭരണത്താൽ വേദന കടിച്ചമർത്തുന്ന എത്രയോ ആളുകൾ അന്നുണ്ടായിരുന്നു. യുദ്ധത്തിൻെറ ഫലമായി ഭാരിച്ച നികുതി ചുമത്തിയതു നിമിത്തം ഒരുപാടുപേർ കൊടും പട്ടിണിയെ നേരിട്ടിരുന്നു. അങ്ങനെയുള്ള ആളുകളുടെ മദ്ധ്യത്തിൽ ജീവിക്കേണ്ട ശിഷ്യന്മാരോടാണ് കർത്താവ് പറഞ്ഞത് ''എൻെറ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു.'' സമാധാന പ്രഭുവാണ് കർത്താവ് (യെശയ്യാവ് 9:6). ഭയപ്പെട്ടു കഴിയുന്ന ആത്മാക്കൾക്കു ക്രിസ്തു ഇന്നും സമാധാനം നല്കുവാനിടയുണ്ട്. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ (യോഹന്നാൻ 14:1).

## വിശ്വാസത്തോടു കൂടി മാത്രമെ ഭീതിയെ അതിജീവിക്കാൻ പറ്റു

ഭയം കണ്ടില്ലെന്നു നടിച്ചു കൂടാ. മനസിനെ അലങ്കോലപ്പെടുത്തുവാനായി നുഴഞ്ഞു കയറുകയും ആത്മാവിനെ നശിപ്പിക്കത്തക്കവണ്ണം വ്യാപരിക്കയും ചെയ്യും അത്. ദൈവം ആഗ്രഹിക്കുന്ന പൂർണ്ണമായ സന്തോഷകരമായ ജീവിതത്തെ അതില്ലാതാക്കുന്നു. വിശ്വാസം മുഖാന്തരമല്ലാതെ ഭീതിയെ അതിജീവിക്കുവാൻ സാദ്ധ്യമല്ല. ''എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പാൻ കഴിയുന്നതല്ല; ദൈവത്തിൻെറ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലൊ.'' (എബ്രായർ 11:6). പഴയനിയമത്തിലും പുതിയനിയമത്തിലും നാം വായിക്കുന്നത് ''നീതിമാൻ വിശ്വാസത്താൽ ജീവിക്കും.'' എന്നത്രെ (റോമർ 1:17). ഈ സൂചനയാണ് യോഹന്നാൻെറ സുവിശേഷം 14-ാം അദ്ധ്യായത്തിൽ യേശു ക്രിസ്തു നല്കിയതും. പിതാവായ ദൈവത്തിലും

പുത്രനായ ക്രിസ്തുവിലും വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യം നാം വിസ്മരിക്കരുത്.

ഗലീലാക്കടലിൽ ഒരു ദിവസം കാററ് ആഞ്ഞടിച്ചപ്പോൾ പടക് വല്ലാതെ ഉലയുവാൻ തുടങ്ങി. യേശുവും ശിഷ്യന്മാരും പടകിൽ ഉണ്ടായിരുന്നു. യേശുവോ ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ അവനെ പെട്ടെന്ന് ഉണർത്തി പറയുന്നു: ''കർത്താവേ രക്ഷിക്കേണമേ; ഞങ്ങൾ നശിച്ചുപോകുന്നു.'' അവൻ അവരോട്: അല്പ വിശ്വാസികളേ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്ത് എന്നു പറഞ്ഞശേഷം എഴുന്നേററു കാററിനേയും കടലിനേയും ശാസിച്ചപ്പോൾ വലിയ ശാന്തത ഉണ്ടായി (മത്തായി 8:26-27). കർത്താവിന്റെ സഹായത്താൽ പത്രോസിനു, ഭയം അവനെ നിയന്ത്രിക്കുന്നതുവരെ വെള്ളത്തിന്മേൽ നടക്കുവാൻ കഴിഞ്ഞു. എന്നാൽ അവൻ കാററു കണ്ട് പേടിച്ചു മുങ്ങി തുടങ്ങുകയാൽ, കർത്താവേ രക്ഷിക്കേണമേ എന്നു നിലവിളിച്ചു. യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ച് അല്പ വിശ്വാസിയായ നീ എന്തിനു സംശയിച്ചു എന്നു ചോദിച്ചു (മത്തായി 14: 30-31). വിശ്വാസ പക്ഷത്തിന്റെ എതിരാണ് ഭയപ്പാട്. ഭീതി നീക്കുവാനുള്ള വഴി എന്ത് എന്നതിനുള്ള ഏക ഉത്തരമാണ് വിശ്വാസം. വിശ്വാസം ഉള്ളേടത്ത് ഭയം നീങ്ങി പോകുന്നു.

പൌലൊസ് തിമൊഥെയോസിന് എഴുതിയ ലേഖനത്തിൽ വിവരിക്കുന്നതു നോക്കുക. ''അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു അറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു (2 തിമൊഥെയോസ് 1:12). അപ്പോൾ വിശ്വാസത്താൽ നമ്മുടെ മനസിൽ കടന്നു വരുന്ന ഭീതിയെ അതിജീവിക്കാം. അതേ അപ്പൊസ്തലൻ എഴുതിയിരിക്കുന്നത്: എന്നാൽ ദൈവ

ത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മക്കായി കൂടെ വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ? സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടു കൂടെ സകലവും നമുക്കു നല്കാതിരിക്കുമോ? അങ്ങനെയുള്ള ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, നഗ്നതയോ, പട്ടിണിയോ, ആപത്തോ, വാളോ? "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു (റോമർ 8:28-37). ധാരാളം പേരെ ക്രിയാത്മക ശേഷിയില്ലാത്തവരാക്കി മാററുന്ന ഭീതി നീങ്ങി കിട്ടുവാൻ അവർ തങ്ങളുടെ ആശ്രയം ശക്തനായ ദൈവത്തിൽ അർപ്പിക്കണം.

## അതിജീവിക്കുന്ന വിശ്വാസം അനുസരണമുള്ള വിശ്വാസമാണ്

ദാവീദ് തന്റെ സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതു വായിക്കുക. ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏററവും അടുത്ത തുണയായിരിക്കുന്നു (സങ്കീർത്തനങ്ങൾ 46:1). ഒരാളുടെ ജീവിതത്തിൽ ഭയമെന്ന കരിനിഴൽ വീഴുമ്പോൾ അയാൾ പ്രാർത്ഥനക്കും തിരുവെഴുത്തുകൾ വായിച്ചു ഗ്രഹിക്കുന്നതിനും അധികം സമയം ചെലവഴിക്കണം. വിശ്വാസത്താൽ ജീവിക്കുക എന്നു പറഞ്ഞാൽ ഇതു മാത്രമല്ല. യേശുക്രിസ്തു കല്പിച്ച മാതൃകയിലുള്ള ഒരു ജീവിതമാണ് നാം ഓരോ ദിവസവും നയിക്കേണ്ടത്. ജീവിതത്തിലെ

നമ്മുടെ എല്ലാ വശങ്ങളും സംയോജിപ്പിച്ച പ്രവർത്തന നിരതമായ ഒരു ജീവിതമാണ് ക്രിസ്തീയ ജീവിതം. ഒളിച്ചോടി രക്ഷപെടാൻ ശ്രമിക്കുന്ന ഒന്നല്ല എന്നർത്ഥം. നാം ഏതു തരത്തിലുള്ള ജീവിതമാണ് നയിക്കേണ്ടതെന്നു ക്രിസ്തു ആയിരിക്കണം തീരുമാനിക്കേണ്ടത്. നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നത് ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത് എന്ന് കർത്താവ് ചോദിക്കാൻ കാരണമതാണ് (ലൂക്കോസ് 6:46).

ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ എന്നു അപ്പൊസ്തലനായ യോഹന്നാനും എഴുതിയിരിക്കുന്നു (1 യോഹന്നാൻ 5:4). പക്ഷെ ആ വിശ്വാസം അനുസരണമുള്ള വിശ്വാസമാണ്. എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ (യാക്കോബ് 1:22). പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമത്രെ. വെറും വിശ്വാസത്താൽ നാം നീതീകരിക്കപ്പെടുന്നില്ല. രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല. കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല (യെശയ്യാവ് 59:1). നമ്മിൽ ഭീതി പരത്തുന്നത് സാത്താനാണ്. ആ നിയന്ത്രണത്തിൽ നിന്നും നാശകരമായ ഭയത്തിൽ നിന്നും സ്വാതന്ത്ര്യമാകുവാൻ നാം വെളിച്ചത്തിൽ നടക്കണം. അപ്പോൾ കർത്താവിന്റെ കൂട്ടായ്മ നമുക്ക് ഉണ്ടാകും. ആകുല ചിന്തയും, ഭയവും, ആധിയും എല്ലാം നമ്മെ കീഴ്പ്പെടുത്തുന്നത് നാം ലോകത്തെ അനുസരിച്ച് പാപ വഴിയിൽ സഞ്ചരിക്കുന്നതുകൊണ്ടാണ്. നമ്മുടെ പഴയ മനുഷ്യനെ ക്രിസ്തുവിനോടു കൂടെ ക്രൂശിൽ തറച്ച്, വെള്ളത്തിൽ അടക്കം ചെയ്ത്, വെള്ളത്തിൽ നിന്നു കയറുമ്പോൾ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് ഒരു പുതിയ മനുഷ്യനായി എഴുന്നേല്ക്കുന്നു (റോമർ 6: 3-4). വിജയകരമായ വിശ്വാസത്താൽ

നാശകരമായ ആധിയെ ഇല്ലാതാക്കാൻ കഴിയും. മരണത്തെ മുഖാമുഖമായി കണ്ടിട്ടും പൌലോസിനു ഇങ്ങനെ പറയുവാൻ കഴിഞ്ഞത് അതുകൊണ്ടാണ്. എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു എന്ന് (ഫിലിപ്പിയർ 1:21). അവൻ തന്റെ ജീവിതം ക്രിസ്തുവിനു വേണ്ടി നയിച്ചിരുന്നതു കൊണ്ട് എന്തുതന്നെ സംഭവിച്ചാലും കുഴപ്പമില്ല എന്ന വിശ്വാസം അവനുണ്ടായിരുന്നു. കാരണം മരിച്ചാലും ക്രിസ്തുവിനോടു കൂടെ എന്നേക്കും ജീവിക്കാമല്ലൊ എന്ന പ്രത്യാശ അവനുണ്ടായിരുന്നു.

★

# സമൃദ്ധമായ ജീവിതം

## ഡോൺ വാക്കർ

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ പ്രവേശിക്കുന്നില്ല" (യോഹന്നാൻ 14:6), "മോഷ്ടിപ്പാനും, അറുപ്പാനും, മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10). വിശ്വസ്തമായ ക്രിസ്തീയ ജീവിതം നയിക്കുക എന്നതാണ് ഒരു മനുഷ്യനെ പ്രയോജനകരമാക്കി മാറ്റുന്നത് എന്നു പറയാം. ദൈവ ശുശ്രൂഷയെക്കാൾ പ്രതിഫലം ലഭിക്കുന്ന മറ്റൊരു സ്ഥാനവും ഇല്ല. കൊരിന്തിലുള്ള സഹോദരന്മാരെ പ്രബോധിപ്പിക്കുന്നതിനിടെ അപ്പൊസ്തലനായ പൌലൊസ് ഇതിനെ കാര്യകാരണസഹിതം വിവേചിച്ച് കൊടുക്കുന്നുണ്ട്. "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും

കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ'' (1 കൊരിന്ത്യർ 15:58).

നമ്മുടെ വിചാരങ്ങൾ അനുസരിച്ചല്ല ദൈവം പ്രവർത്തിക്കുന്നത്. വാസ്തവമായും ക്രിസ്തീയ ജീവിതം മഹത്വകരമായ ഒന്നാണ്. സമൃദ്ധമായ ജീവിതം പ്രദാനം ചെയ്യുന്നതു ദൈവമാണ്. അപ്പൊസ്തലൻ എഴുതിയിരിക്കുന്നത് നമുക്കു വായിക്കാം. ''എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു സഭയിലും ക്രിസ്തു യേശുവിലും എന്നേക്കും തലമുറ, തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ'' (എഫെസ്യർ 3:20). ദൈവ ശക്തിയുടെ ആഴവും ഉയരവും നീളവും വീതിയും ആർക്കും വിവരിക്കാൻ കഴിയുന്നതല്ല. ഒരു യഥാർത്ഥ ദൈവ വിശ്വാസിയെ ദൈവം എങ്ങനെ പരിപാലിക്കും എന്നതു ദൈവം നമുക്കു തന്റെ പ്രവൃത്തിയിലൂടെ കാണിച്ചു തരും. ചുരുക്കി പറഞ്ഞാൽ ദൈവത്തിന്റെ പ്രവൃത്തി മനസ്സിലാക്കാൻ നമ്മുടെ ബുദ്ധി അപര്യാപ്തമാണ്.

ഒരു ക്രിസ്ത്യാനിയുടെ ജീവിതം ഏററവും നന്നാവാൻ ഒരു കാരണം ക്രിസ്തുവിന്റെ രക്തമാണ്. അനേകരുടെ പാപ പരിഹാരത്തിനായി ചിന്തിയതാണ് ആ രക്തം. ജീവനുള്ള, പാപ രഹിതമായ രക്തമാണ് ക്രിസ്തു അർപ്പിച്ചത്. ദൈവ നീതി നമ്മിൽ വരേണ്ടതിനാണ് അവൻ അപ്രകാരം ചെയ്തത്. രക്തം ചിന്താതെയുള്ള യാഗത്തിനു പൂർണ്ണമായ മോചനം വരുത്താൻ കഴിവില്ല. സകലവും ശുദ്ധീകരിക്കപ്പെടുന്നതു രക്തത്താലത്രെ. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല (എബ്രായർ 9:22). സെഖര്യാവിന്റെ പ്രവചനം നിറവേറുന്നത് യേശുവിന്റെ

ശാരീരിക മരണം സംഭവിക്കുമ്പോഴത്രേ. "അന്നാളിൽ ദാവീദ് ഗൃഹത്തിനും യെരുശലേം നിവാസികൾക്കും പാപത്തിന്റേയും മാലിന്യത്തിന്റേയും പരിഹാരത്തിന്നായി ഒരു ഉറവു തുറന്നിരിക്കും" (സെഖര്യാവ് 13:1). അവന്റെ രക്തത്താൽ ക്രിസ്തുവിലായി തീർന്നവർക്കു പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് (എഫെസ്യർ 1:7). അവനു നമ്മോടുള്ള സ്നേഹം നിമിത്തം ആണ് തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളെ കഴുകി കളയുവാൻ അവൻ മനസ്സ് കാണിച്ചത്. യേശുവിന്റെ മരണത്തിലും അടക്കത്തിലും ഉയിർപ്പിലും പങ്കാളികളാകുന്നതോടെയാണ് നാം ഓരോരുത്തരും ക്രിസ്ത്യാനികളായി തീരുന്നത്. അല്ലാതെ പാരമ്പര്യമായി ക്രിസ്തീയ കുടുംബത്തിൽ അംഗമായതു കൊണ്ടോ ക്രിസ്ത്യാനി എന്ന പേർ ഇട്ടതു കൊണ്ടോ അങ്ങനെ ആകുന്നില്ല. ഒരു പുതിയ ജീവിതം നയിക്കുവാനാണ് ഇങ്ങനെ ചെയ്യുന്നത്. പുതു ജനനം, വീണ്ടും ജനനം എന്നൊക്കെ പറയുന്നത് എന്താണെന്നു മനസിലാക്കണം. ആന്തരിക മനുഷ്യന്റെ ചിന്തക്കും, ഭാവത്തിനും പ്രവർത്തനത്തിനും ഒരു പുതുക്കം സംഭവിക്കണം. സ്നാനം എന്ന കല്പന ദൈവേഷ്ടപ്രകാരം അനുസരിക്കുന്നവരിൽ ഇതു കാണും (റോമർ 6:3-4). കാരണം ക്രിസ്തുവിന്റെ രക്തം പ്രവർത്തിക്കുന്നത് അങ്ങനെ സ്നാനപ്പെടുന്നവരിലാണ് (മർക്കൊസ് 16:16; പ്രവൃത്തി 2:38).

ഭയപ്പാട് ഇല്ലാത്ത ജീവിതമാണ് ക്രിസ്തീയ ജീവിതം. അതുകൊണ്ട് അതിന്റെ മേന്മ ഉയർന്നതു തന്നെ. കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ (വെളിപ്പാട് 14:13). പലതിനെ കുറിച്ച് വിചാരപ്പെട്ട് നിരാശയിൽ കഴിയുന്ന ലോകത്തുള്ള ആളുകൾക്ക് പ്രത്യാശ നല്കുന്ന കർത്താവു ഉള്ളതു കൊണ്ട് യാതൊരു ആധിക്കും കാരണമാകുന്നില്ല.

★

(ശേഷം അടുത്ത ലക്കത്തിൽ)

# റെവറൻറ്, പിതാവ്, പ്രവാചകൻ, അപ്പൊസ്തലൻ

എം. മിൻറാ

വിശുദ്ധ വേദപുസ്തകത്തിലെ പഴയ നിയമത്തിലും പുതിയ നിയമത്തിലും കാണപ്പെടുന്ന സ്ഥാന ബഹുമതികളാണ് മുകളിൽ പറഞ്ഞവയെല്ലാം. ചിലതു ദൈവത്തിനായിട്ടുള്ളതും മററുള്ളവ ദൈവ വേലയ്ക്കു തിരഞ്ഞെടുക്കപ്പെട്ട ദൈവ പുരുഷന്മാരെ വിളിച്ചിട്ടുള്ളതുമാകുന്നു. ഇന്നത്തെ ക്രിസ്തീയ കാലഘട്ടത്തിൽ ഈ പേരുകളുടെ ഔചിത്യം എത്രമാത്രമുണ്ട് എന്ന വസ്തു നിഷ്പക്ഷമായി പരിശോധിക്കേണ്ടതുണ്ട്. സങ്കീർത്തനത്തിൽ നാം ദൈവത്തിൻെറ നാമത്തെ വിവരിച്ചിരിക്കുന്നതു വായിക്കുന്നുണ്ട്.

''അവൻ തൻെറ ജനത്തിനു വീണ്ടെടുപ്പ് അയച്ചു, തൻെറ നിയമത്തെ എന്നേക്കുമായി കല്പിച്ചിരിക്കുന്നു; അവൻെറ നാമം വിശുദ്ധവും ഭയങ്കരവുമല്ലൊ'' (സങ്കീർത്തനങ്ങൾ 111:10). ഇസ്രായേലിൻെറ വീണ്ടെടുപ്പുകാരനെ കുറിച്ചാണ് സങ്കീർത്തനക്കാരൻ പറയുന്നത്. അതു ദൈവമല്ലാതെ മററാരുമല്ല എന്ന് നമുക്ക് അറിയാം. ദൈവത്തിൻെറ വിശുദ്ധ നാമമായ ''റെവറൻറ്'' എന്നതു മനുഷ്യരുടെ പേരുകൾക്കു മുൻപിൽ ചേർക്കാറുണ്ട്. പഴയ നിയമത്തിൽ മതപരമായി ഏററവും ഉയർന്ന സ്ഥാനങ്ങളിൽ ഇരുന്നവർ അതു ചെയ്തിട്ടില്ല. ഉദാഹരണമായി അഹരോനെ മഹാപുരോഹിതനായി അഭിഷേകം ചെയ്തു. അവൻ ഒരിക്കലും റെവറൻറ് എന്ന നാമം അവൻെറ പേരിനോട് ചേർത്ത് ഉപയോഗിച്ചിരുന്നില്ല. ക്രിസ്തു പോലും ''റെവറൻറ്'' എന്ന പേർ സ്വീകരിച്ചിരുന്നില്ല.

ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവ രൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്ത് മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുളളവനായി തീർന്നു (ഫിലിപ്പിയർ 2: 5-8). ഒരു കുററവും ഇല്ലാതിരുന്ന യേശു പോലും ദൈവത്തിന്റെ നാമം എടുക്കാൻ തുനിയാതിരുന്ന സാഹചര്യത്തിൽ പാപികളായ മനുഷ്യർ ഇന്നു ദൈവത്തിന്റെ നാമമായ റെവറന്റ് എടുത്ത് തങ്ങളുടെ പേരിനൊപ്പം ഉപയോഗിക്കുന്നത് എത്ര ധിക്കാരമാണ്? ക്രിസ്ത്യാനികൾ പിൻപററുന്നത് ക്രിസ്തുവിനെയാണല്ലോ. അവന്റെ സ്വഭാവമായ താഴ്മയും, സൌമ്യതയും പിതാവിനോടുള്ള അനുസരണയും ആണ് സ്വീകരിക്കേണ്ടത്. അല്ലാതെ മനുഷ്യർക്കിടയിൽ ആദരവും, ബഹുമാനവും കിട്ടേണ്ടതിനു എന്തും ചെയ്യുന്ന പ്രവണത നീതീകരിക്കാവുന്നതല്ല. വേദപരിജ്ഞാനമില്ലാത്തവരെ സംബന്ധിച്ച് അവർക്ക് ഇതെന്നും പ്രശ്നമല്ല.

ഭൂമിയിൽ ആരേയും പിതാവ് എന്നു വിളിക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ തന്നെ എന്ന് യേശു പഠിപ്പിച്ചിരിക്കുന്നു (മത്തായി 23:9). മക്കൾ, മാതാപിതാക്കളെ ബഹുമാനിക്കേണ്ടതു ആവശ്യമാണ്. അവരെ അപ്പാ എന്നും അമ്മ എന്നും വിളിക്കുന്നതു തെററല്ല. എന്നാൽ അവന്റെ ശിഷ്യന്മാരായിരിക്കുന്ന ആളുകൾ ആദരിക്കത്തക്ക രീതിയിൽ ആരെയും പിതാവ് എന്ന സ്ഥാനം കൊടുത്ത് വിളിക്കരുത്. മറെറാരു തരത്തിൽ പറഞ്ഞാൽ ആത്മീകമായി ഒരു പിതാവേ നമുക്കുള്ളു. അതു സ്വർഗ്ഗസ്ഥനായ ദൈവമത്രേ. യേശുവിന്റെ വചനത്തിൽ നിലനില്ക്കുന്നവരാണല്ലൊ അവന്റെ ശിഷ്യന്മാർ. നാം അവന്റെ ഉപദേശപ്രകാരം ജീവിക്കുന്നവരാ

ണെങ്കിൽ അവന്റെ കല്പനകൾ എല്ലാം അനുസരിക്കും. യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിര് കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല എന്ന അവസ്ഥയിലായിരിക്കും എന്ന് 2 യോഹന്നാൻ 9-ാം വാക്യത്തിൽ നാം വായിക്കുന്നു. അവന്റെ ഉപദേശത്തിൽ നിലനില്ക്കുന്നവന്നു പിതാവും പുത്രനും ഉണ്ട്. നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ നാം ആദരിക്കയും ബഹുമാനിക്കയും ചെയ്യണം. ആ ആദരവും ബഹുമാനവും മനുഷ്യർക്കുള്ളതല്ല. മനുഷ്യരെ ബഹുമാനിക്കണം, ആദരിക്കണം. പക്ഷെ ദൈവനാമം നല്കിയല്ല അതു ചെയ്യേണ്ടത്.

ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള ഭാവി വ്യക്തമാക്കുന്ന ഒരു വക്താവ് എന്നു പ്രവാചകനെ നിർവ്വചിക്കാം. പഴയനിയമത്തിൽ, ദൈവം തന്റെ കല്പനകളും നിയമങ്ങളും ഒരു പ്രത്യേക കാലഘട്ടത്തിൽ ഇവരിൽകൂടെ നല്കി. പുതിയനിയമ കാലം ആരംഭിച്ചപ്പോഴും പ്രവാചകന്മാർ ഉണ്ടായിരുന്നതായി നാം തിരുവെഴുത്തിൽ വായിക്കുന്നു. ദൈവത്തിന്റെ വെളിപ്പാട് ഈ പ്രവാചകന്മാർക്ക് ദൈവം തന്റെ ആത്മാവിനാൽ നല്കി അവർ അതു ജനത്തിനു നല്കി. ക്രിസ്തുവിനെ കുറിച്ചുള്ള മർമ്മം നാം അറിയേണ്ടതിന്നു ആ വെളിപ്പാട് കിട്ടിയ പൌലൊസ് എഴുതുകയുണ്ടായി. ദൈവ സന്ദേശമായിരുന്നു ഇവരെല്ലാം അറിയിച്ചിരുന്നതെന്ന് നാം ഓർമ്മിക്കണം. മാനുഷികമായ കാര്യങ്ങളെ അറിയിക്കുന്നവരായിരുന്നില്ല അവർ. ദൈവം മനുഷ്യരിൽ നിന്നു എന്തു ആഗ്രഹിക്കുന്നു എന്നതാണ് അവർ ദൈവത്തിനു വേണ്ടി അരുളിച്ചെയ്തത്.

ദൈവത്തിന്റെ വെളിപ്പാട് പൂർണ്ണമായും ജനങ്ങൾക്കു കിട്ടുന്നതുവരെ പ്രവചനം ആവശ്യമായിരുന്നു. പൂർണ്ണമായും ദൈവേഷ്ടം വെളിപ്പെടുത്തി കഴിഞ്ഞാൽ പ്രവചനത്തിന്റെ ആവശ്യം ഉദിക്കുന്നില്ല. അതുകൊണ്ട് പ്രവചനവരമോ അതു നീങ്ങിപ്പോകും; ഭാഷാവരമോ അതു നിന്നു

പോകും, ജ്ഞാനമോ അതു നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം നാം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും എന്ന് (1 കൊരിന്ത്യർ 13: 8-9) പറഞ്ഞിരിക്കുന്നു. പൌലൊസിനു കുറെ, പത്രൊസിന് വേറെ ചിലത്, യാക്കോബിന് ഇതിൽ നിന്നും വ്യത്യസ്തമായതു കുറെ ഇങ്ങനെ പലരിൽ കൂടെയും ആയിട്ടാണ് ദൈവം തൻെറ ഹിതം പൂർണ്ണമായി ജനങ്ങളോട് അറിയിച്ചത്. കള്ളപ്രവാചകന്മാരെ പഴയനിയമത്തിലും പുതിയനിയമത്തിലും മുന്നറിയിച്ചിട്ടുണ്ട്. ഇന്നുമുണ്ട് കള്ളപ്രവാചകന്മാർ. ഭോഷ്ക് പ്രവചിക്കുന്ന പ്രവാചകൻമാർ ദൈവത്തിനു വേണ്ടി സംസാരിക്കുന്നവരല്ല. അവർ അങ്ങനെ അഭിനയിക്കുകയാണ്. ദർശനത്തിലൂടെയും സ്വപ്നത്തിലൂടെയും കർത്താവ് അവരോട് സംസാരിച്ചു എന്നു പറഞ്ഞാണ് അവർ വരുന്നത്. പ്രിയരെ നിങ്ങൾ അവരുടെ വഞ്ചനയിൽ കുടുങ്ങരുത്. ദൈവം ഇന്ന് അങ്ങനെ ആരോടും സംസാരിക്കുന്നില്ല. ദൈവം തൻെറ പുത്രൻ മുഖാന്തരം അരുളിച്ചെയ്തതു പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാം അതു വായിച്ചു മനസിലാക്കണം.

ആരാണ് ഒരു അപ്പൊസ്തലൻ ? ദൈവത്താൽ വിളിച്ച് അയക്കപ്പെട്ടവൻ എന്നു ഈ വാക്കിനെ നമുക്കു വിവരിക്കാം. യേശു തൻെറ ശിഷ്യൻമാരെ അടുക്കൽ വിളിച്ച് അവരിൽ നിന്ന് അവൻ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു അവരെ അപ്പൊസ്തലൻമാർ എന്ന പേരിൽ അറിയപ്പെട്ടു (ലൂക്കൊസ് 6:13; പ്രവൃത്തി 1: 21-26). അപ്പൊസ്തലനായി തീരുവാൻ ചില യോഗ്യതകൾ ഉള്ളതായി ബൈബിൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. യേശുവിനെ കണ്ട വ്യക്തിയായിരിക്കണം അയാൾ. കാരണം അവർ അവനെ സാക്ഷീകരിക്കേണ്ടവരായിരുന്നു.

★

# രക്ഷകർത്താക്കൾ എന്ന ഉത്തരവാദിത്വം

## ബെററി ബി. ചോട്ട്

ആദിയിൽ ദൈവം ആദാമിനോടും ഹവ്വയോടും പറഞ്ഞു: "നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി ഭൂമിയിൽ നിറഞ്ഞു പെരുകുവിൻ" (ഉല്പത്തി 1:28). പ്രത്യുല്പാദനശേഷി പുരുഷനും സ്ത്രീക്കും ദൈവം ആരംഭം മുതൽ കൊടുത്തത് അനുഗ്രഹമായിരുന്നു എന്ന് ഓർമ്മിക്കുക.

സങ്കീർത്തനം 127:3-5 വരെയുള്ള വാക്യങ്ങൾ വായിച്ചാൽ നമ്മുടെ വിഷയവുമായി അതു വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നതായി കാണാം. "മക്കൾ, യഹോവ നല്കുന്ന അവകാശവും, ഉദര ഫലം, അവൻ തരുന്ന പ്രതിഫലവും ആകുന്നു. വീരന്റെ കയ്യിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൌവ്വനത്തിലെ മക്കൾ. അവയെകൊണ്ടു തന്റെ ആവനാഴി നിറെച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ; നഗരവാതില്ക്കൽ വെച്ച് ശത്രുക്കളോടു സംസാരിക്കുമ്പോൾ അങ്ങനെയുള്ളവർ ലജ്ജിച്ചു പോകയില്ല."

ശലോമോൻ സദൃശവാക്യങ്ങളിൽ ഒരിക്കലും തൃപ്തി വരാത്തവയെ കുറിച്ച് വിവരിക്കുന്നുണ്ട്. "കന്നട്ടെക്കു: തരിക, തരിക എന്ന രണ്ടു പുത്രിമാർ ഉണ്ട്. ഒരിക്കലും തൃപ്തി വരാത്തതു മൂന്നുണ്ട്, മതി എന്നു പറയാത്തതു നാലുണ്ട്. പാതാളവും, വന്ധ്യയുടെ ഗർഭപാത്രവും

വെള്ളം കുടിച്ചു തൃപ്തി വരാത്ത ഭൂമിയും മതി എന്നു പറയാത്ത തീയും തന്നേ'' (സദൃശവാക്യങ്ങൾ 30:15-16).

പ്രത്യുല്പാദനത്തിന്റെ ആവശ്യകതക്കു ഇന്നും മാററം സംഭവിച്ചിട്ടില്ല. സ്ത്രീയുടേയും പുരുഷന്റേയും ഉള്ളിൽ, മക്കൾ ഉണ്ടാകുവാനും, അവരെ ലാളിച്ച് സന്തോഷം കൈവരിക്കാനും ഉള്ള അഭിവാഞ്ഛ ദൈവം വെച്ചിരിക്കയാണ്. യുവതീയുവാക്കൾ വിവാഹിതരായിട്ട് അവർക്ക് മക്കൾ ജനിക്കാതിരിക്കുമ്പോൾ അവർക്കു ദുഃഖമുണ്ടാകുന്നു. അവരുടെ ഹൃദയങ്ങളിൽ സന്തോഷം ഉണ്ടാകുന്നില്ല. പിതൃത്വത്തിനും മാതൃത്വത്തിനും വേണ്ടിയുള്ള അവരുടെ ദാഹം അവരിൽ ജ്വലിച്ചുകൊണ്ടിരിക്കും. മക്കൾ ഇല്ലാത്തവർക്കറിയാം അതിന്റെ പ്രയാസം. പ്രായമായ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുമായി സംഭാഷണം നടത്തി ഉല്ലസിക്കുന്നതു മക്കളില്ലാത്ത ദമ്പതിമാർ കാണുമ്പോൾ അവരുടെ മാനസിക വ്യഥ വലിയ ഒരു ദീർഘ നിശ്വാസത്തിൽ ഒതുക്കുന്നതു കാണാം.

സംസ്കാരത്തിന്റെ സമ്മർദ്ദമാണ്, പലപ്പോഴും കുട്ടികൾ കൂടിയേ തീരൂ എന്നത്. സമൂഹാചാരവും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു പറയാം. മിക്കവാറും സ്ഥലങ്ങളിൽ മക്കളില്ലാത്ത സ്ത്രീയെ ലജ്ജിക്കത്തക്ക രീതിയിലാണ് കാണപ്പെടുന്നത്. സമൂഹത്തിൽ അവൾ ഒററപ്പെടുകപോലും ചെയ്യാറുണ്ട്. അവളുടെ അമ്മായിഅമ്മയും നാത്തൂന്മാരും അവളെ ശാരീരികമായും മാനസികമായും പീഡിപ്പിക്കാറുണ്ട്. മച്ചിയായതുകൊണ്ട് അവൾ ഉപേക്ഷിക്കപ്പെടും എന്ന ഭീഷണിയെയും അവൾക്കു നേരിടേണ്ടിവരുന്നു. ഭർത്താവിന്റെ കുഴപ്പം കൊണ്ടായാലും ശരി ഒരു സ്ത്രീക്കു മക്കളില്ലാതെ വന്നാൽ അവൾ ഇത്തരം ദുഃഖകരമായ അവസ്ഥയിലായി തീരും എന്നതു വാസ്തവമാണ്.

ഇതുപോലെയുള്ള അപകടമായ ദുരഭിമാനത്തിന്റെയും അറിവില്ലായ്മയുടേയും അനന്തരഫലം ഈ സ്ത്രീകൾക്കു ദുഃഖകരമായ ജീവിതമാണ് അനുഭവിക്കേണ്ടി വരിക. പ്രകൃതിദത്തമായ കാരണങ്ങളാലോ രോഗങ്ങളാലോ വന്ധ്യത സംഭവിച്ച ദമ്പതികളെ ദ്രോഹിക്കുന്നതിനോ ശിക്ഷിക്കുന്നതിനോ മുതിരുന്നതിനു പകരം അവർക്ക് പ്രായോഗികമാക്കാവുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് കൊടുത്ത് ഉത്തേജിപ്പിക്കുകയാണ് വേണ്ടത്. അനാഥരോ ഉപേക്ഷിക്കപ്പെട്ടവരോ ആയ കുട്ടികളെ ദത്തെടുത്തു വളർത്തുവാൻ വേണ്ട സാഹചര്യങ്ങൾ ഇവർക്ക് ഒരുക്കി കൊടുക്കണം. അവരുടെ നുറുങ്ങിയ ഹൃദയ വ്യഥകൾക്ക് പരിഹാരമേകുന്ന പ്രതിവിധി ആയിരിക്കും അത്. അതല്ലാതെ അവരെ കൂടുതൽ വേദനിപ്പിക്കുന്ന ശിക്ഷാ രീതികൾ നല്കരുത്. ഇങ്ങനെയുള്ള സാമൂഹിക തിന്മയെ ഇല്ലാതാക്കാൻ സ്ത്രീകളായ നമുക്ക് ചിലതെല്ലാം പ്രവർത്തിക്കാൻ കഴിയും. ഇതൊന്നും കണ്ടില്ലെന്നു നടിച്ച് കടന്നു പോകരുത്.

വർദ്ധിച്ചു വരുന്ന ജനസംഖ്യ ലോകത്തിലെങ്ങും ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുമ്പോൾ കുട്ടികളില്ലാത്ത കുടുംബങ്ങളല്ല പ്രശ്നം. പിന്നെയോ ധാരാളം കുട്ടികൾ ഉള്ള കുടുംബങ്ങളാണ് ഇന്നു സമൂഹത്തിൽ പ്രശ്നമായി മാറിയിരിക്കുന്നത്. അവർക്കെല്ലാം ആവശ്യമായ പ്രാഥമികമായ കാര്യങ്ങൾ പോലും ചെയ്തുകൊടുക്കാൻ മാതാപിതാക്കൾക്കു കഴിയാതെ വരുമ്പോൾ മക്കൾ അവർക്കൊരു ഭാരമായി തീരുന്നു. ഒന്നോ രണ്ടോ മക്കളെ പോററി വളർത്തുവാൻ വകയില്ലാത്തവർ അധികം മക്കളെ ജനിപ്പിച്ച് ജീവിതം ദുസ്സഹമാക്കുന്നത് എന്തിന്? സാമാന്യബോധമുള്ള സ്ത്രീകൾ ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കയാണ്. സന്തോഷവും സമാധാനവും കുടുംബത്തിൽ നിന്നു അപ്രത്യക്ഷമാകുവാൻ ഇതും ഒരു കാരണമായി തീരുന്നില്ലേ? നിങ്ങൾക്ക് എന്തു തോന്നുന്നു?

വെറുതെ കുട്ടികളുടെ അപ്പനും അമ്മയും ആകുക എന്നതും ആ കുഞ്ഞുങ്ങൾക്ക് ആവശ്യമുള്ള ശ്രദ്ധ, കരുതൽ, പരിശീലനം എന്നിവ കൊടുക്കുന്ന മാതാപിതാക്കൾ ആകുക എന്നതും തമ്മിൽ വലിയ അന്തരമുണ്ട്. വളരെ ദുഃഖകരമായ ഒരു വസ്തുത എന്തെന്നാൽ ലക്ഷക്കണക്കിനു കുട്ടികൾ ജനിക്കുന്നത് അപ്പന്റേയും അമ്മയുടേയും വെറും ശാരീരിക ബന്ധത്താൽ മാത്രമാണ് എന്നതാണ്. അവർ കുട്ടികൾക്കായി ആസൂത്രണ ബോധമുള്ളവരോ, ആഗ്രഹിക്കുന്നവരോ ആയിട്ടല്ല. അവർ തങ്ങളെത്തന്നെ ആത്മീയ പക്വതയിലും വൈകാരികവും ധാർമ്മികവും സാമ്പത്തികവുമായ ഭദ്രതയിലും എത്തിയവരായിരിക്കയില്ല. കുട്ടികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിറവേററുവാൻ അവർ പ്രാപ്തരുമല്ല. പെൺകുട്ടികൾ മാത്രമുള്ളവർക്ക് ഒരു ആൺകുട്ടി വേണമെന്നു ചിന്തിക്കും. പക്ഷെ അവരെ വളർത്തുന്ന വിവിധ ഘട്ടങ്ങളെ കുറിച്ച് ഈ മാതാപിതാക്കൾ അജ്ഞരായിരിക്കുന്നതുകൊണ്ട് മാതാപിതാക്കളും അവരുടെ കുട്ടികളും മാനസികമായും വൈകാരികമായും വളരെ ക്ലേശിക്കാൻ കാരണമായിതീരുന്നു. അതുകൊണ്ട് കുട്ടി ലോകത്തിലേക്കു പിറന്നു വീണാൽ പിന്നീടുള്ള കാര്യങ്ങളെ മനസിലാക്കി പ്രവർത്തിക്കാൻ പക്വതയുള്ള രക്ഷകർത്താക്കളെയാണ് നമുക്ക് ആവശ്യം.

“സ്വന്ത കുടുംബത്തിനു വേണ്ടി കരുതാത്തവൻ, തനിക്കുള്ളവർക്കു വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു അവിശ്വാസിയെക്കാൾ അധമനായിരിക്കുന്നു” (1 തിമൊഥെയോസ് 5:8).

(ശേഷം അടുത്ത ലക്കത്തിൽ)

# വചനം കേട്ടു പ്രമാണിക്കുന്നവർ ഭാഗ്യവാൻമാർ

സണ്ണി ഡേവിഡ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

കാരണം ദൈവം ഇന്നു, ക്രിസ്തു മുഖാന്തരം സംസാരിക്കുന്ന മാദ്ധ്യമം ഇതു തന്നെയാണ്. ഇതു പറയുമ്പോൾ പഴയ നിയമത്തെ അവഗണിക്കുന്നുവെന്നോ തള്ളിക്കളയുന്നുവെന്നോ അർത്ഥമില്ല. പക്ഷേ ദൈവത്തെ അനുസരിക്കുന്നവർ ദൈവ നിയമം വിവേചിച്ച് അനുസരിക്കും. സർവ്വ ജാതികൾക്കായി ദൈവം ഒരുക്കിയിരിക്കുന്ന പ്രമാണങ്ങൾ ആണ് പുതിയ നിയമത്തിൽ ഉള്ളതു. പഴയ നിയമം ഇസ്രായേൽ സമൂഹത്തിനു കൊടുത്തതായിരുന്നു. കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവനല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു എന്നും ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വൻമഴ ചൊരിഞ്ഞു, നദികൾ പൊങ്ങി കാററു അടിച്ചു ആ വീടിന്മേൽ അടിച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിഞ്ഞ മനുഷ്യനോടു തുല്യനാകുന്നു. അതു വീണു; അതിന്റെ വീഴ്ച്ച വലിയതായിരുന്നു (മത്തായി 7:21, 24-27).

തന്റെ പുത്രനെ ഈ ലോകത്തിലേക്കു അയക്കുമ്പോൾ തന്നെ ദൈവത്തിന്റെ ഉദ്ദേശം, അവനിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ പ്രദാനം ചെയ്യുക എന്നതായിരുന്നു. അവനിൽ വിശ്വസിക്കുക എന്നാൽ ദൈവത്തിൽ വിശ്വസി

ക്കുക എന്നതാണ് ദൈവ പുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അസംഖ്യമാണ്. പക്ഷേ അവനെ അനുസരിക്കുന്നവർ വിരളമാണ്. ഏതു സമുദായത്തിലോ വിഭാഗത്തിലോ ആയാലും യേശുവിൽ വിശ്വസിക്കുന്നവരായതു കൊണ്ട് അവർ അവനെ അനുസരിക്കുന്നു എന്ന ധാരണയിലാണ്. സത്യം എന്താണ് എന്ന് അവർ പരിശോധിക്കുന്നില്ല. ദൈവ പുത്രനായ ക്രിസ്തുവിനെ അനുസരിക്കാത്തവർക്കു നിത്യജീവൻ കിട്ടുകയില്ല. (യോഹന്നാൻ 3;36). നിത്യജീവൻ കിട്ടിയില്ലെങ്കിൽ നാം ഈ ലോകത്തു ജീവിച്ചതുകൊണ്ടു ഫലമില്ലല്ലോ. നിലനില്ക്കുന്ന ജീവിതമാണ് എല്ലാവർക്കും ആവശ്യം. അതു ദൈവം ഒരുക്കിയിട്ടുണ്ട്. ദൈവത്തിന്റെ ശബ്ദം കേട്ട് അനുസരിക്കുന്നവർ മനസുകളേയും ഹൃദയങ്ങളേയും ദൈവത്തിലേക്കു തിരിക്കണം.

യേശു ക്രിസ്തുവിനെ പ്രസവിച്ചതു കൊണ്ടു മറിയക്കു അതു അനുഗ്രഹമായിരുന്നു എന്നു കരുതുന്ന ആളുകളുടെ ധാരണ തെററായിരുന്നു എന്നു കർത്താവ് തന്നെ വെളിപ്പെടുത്തുകയാണ് ചെയ്തത്. ദൈവത്തിന്റെ വചനമാണ് ആളുകളെ ജീവിപ്പിക്കുന്നതു. നിത്യനാശം ഒഴിവാക്കുവാൻ ദൈവം നിശ്ചയിച്ച് തന്നിരിക്കുന്ന വചനത്തെ മാററി നിർത്തി മററെന്തു ചെയ്താലും നാം ഭാഗ്യമുള്ളവരാകാൻ കഴിയുകയില്ല. തിരുവെഴുത്തുകളെ അവഗണിച്ചു കൊണ്ട് സമുദായ സേവനവും സൽപ്രവൃത്തിയും ചെയ്യുന്ന ആളുകൾ ധാരാളമുണ്ട് അവർക്ക് ഭാഗ്യകരമായ അവസ്ഥ ഉണ്ടാകണമെങ്കിൽ അവർ ദൈവ കല്പനകൾ അനുസരിക്കണം. നാമധേയ വിഭാഗങ്ങളിൽ നിന്നു കൊണ്ടു ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് വിശ്വസിക്കുന്നവരുണ്ട്. പക്ഷേ ദൈവഹിതം മറെറാന്നാണ്. കർത്താവിന്റെ സഭയിൽ വച്ചിട്ടുള്ള പരിജ്ഞാനവും രക്ഷയും കരസ്ഥമാക്കണമെന്നാണ് ദൈവേഷ്ടം.

ദൈവത്തിന്റെ സന്ദേശം പ്രാരംഭഘട്ടത്തിൽ അപ്പൊസ്തലന്മാരിൽ കൂടെ ഘോഷിക്കാൻ തുടങ്ങി എന്നു ചരിത്രം സാക്ഷീകരിക്കുന്നു. അത് ആളുകൾ മനുഷ്യരുടെ വചന

മായിട്ടല്ല അതിനെ കൈക്കൊണ്ടതു സാക്ഷാൽ ദൈവത്തിന്റെ വചനമായിട്ടാണ്. അവർ പ്രസംഗിച്ചതു ദൈവത്തിന്റെ ശക്തി ഉൾക്കൊള്ളുന്ന ജ്ഞാനമായിരുന്നു. പെന്തെക്കൊസ്തു നാളിൽ ആദ്യത്തെ സുവിശേഷ പ്രസംഗം എഴുതാൻ പത്രൊസിന്റെ പ്രസംഗം അന്നു കേട്ടവരിൽ ചലനം സൃഷ്ടിച്ചു. അവർ മാനസാന്തരപ്പെട്ടു യേശു ക്രിസ്തുവിന്റെ നാമത്തിൽ പാപമോചനത്തിനായി ഓരോരുത്തർ സ്നാനം ഏല്ക്കണമെന്ന് പ്രസംഗിച്ചപ്പോൾ എന്തുണ്ടായി? അവർ ഹൃദയ പരമാർത്ഥതയും ഉല്ലാസവും പൂണ്ടു ജീവിതം നയിക്കാൻ തുടങ്ങി. നിങ്ങൾക്കും അതു ലഭിക്കും. വചനം കേട്ടു വചനപ്രകാരം അനുസരണയുള്ളവനായി തീരുക. ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ ഭാഗ്യവാന്മാർ.

★

# രക്ഷക്കു വചനപ്രകാരമുള്ള നിബന്ധനകൾ

**W. A. ഫോളെ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

**നാം** എന്തെങ്കിലും ഏറ്റുപറയണമെന്നു കർത്താവ് ആഗ്രഹിക്കുന്നുവെങ്കിൽ അതു "യേശു ദൈവ പുത്രൻ എന്നതാണ്. നമ്മുടെ വായ് കൊണ്ട് നാം മനുഷ്യരുടെ മുമ്പിൽ കർത്താവിനെ ഏറ്റുപറയുവാൻ ലജ്ജിച്ചാൽ പിതാവിന്റെ മുമ്പിൽ കർത്താവും നമ്മളെ ഏറ്റു പറയുവാൻ ലജ്ജിക്കും (മത്തായി 10: 32-33: ലൂക്കോസ് 12:8-9). രക്ഷക്കായി ഹൃദയം കൊണ്ടു വിശ്വസിക്കയും വായ് കൊണ്ടു ഏറ്റു പറയുകയും വേണം.

കഴിഞ്ഞകാല പാപങ്ങളിൽ നിന്നും മോചിക്കുന്നതിനു ദൈവം വച്ചിരിക്കുന്ന നിബന്ധനകളിൽ ഒന്നാണ് സ്നാനം. യേശുക്രിസ്തുവിനെ അനുസരിക്കാനാണ് ഒരാൾ കർത്താവു കല്പിച്ച സ്നാനം ഏൽക്കുന്നതു (മത്തായി 3:13-15; 1 പത്രൊസ് 3:21). പാപമോചനത്തിനു വേണ്ടിയല്ല കർത്താവു സ്നാനം ഏററതു. യേശുവിൽ പാപം ഒന്നും ഇല്ലായിരുന്നു. സകല നീതിയും നിറവേറപ്പെടേണ്ടതിനായിരുന്നു അവൻ സ്നാനമേററതു. യോഹന്നാന്റെ സ്നാനം യേശു നിഷേധിച്ചിരുന്നെങ്കിൽ അവൻ ദൈവത്തിന്റെ ആലോചനയെ നിഷേധിക്കയാവും ചെയ്യുക. എന്നാൽ യേശു ദൈവ നീതിയും ദൈവേഷ്ടവും നമുക്കു മാതൃകയാക്കി കാണിച്ചു തരുന്നു (ലൂക്കൊസ് 7:29-30).

നിത്യജീവൻ ക്രിസ്തുയേശുവിലത്രേ (1 യോഹന്നാൻ 5:11). ഒരാൾ ക്രിസ്തുവിലാകണമെങ്കിൽ അയാൾ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏല്ക്കണം (ഗലാത്യർ 3:26-27). ഇന്നു നിലവിലുള്ള സ്നാനം ഒന്നു മാത്രം. ആ സ്നാനം വെള്ളത്തിലുള്ള അടക്കമാണ് (യോഹന്നാൻ 3:3-5; പ്രവൃത്തി 10:47-48; എഫേസ്യർ 5:26; തീത്തോസ് 3:5).

ഒരേ ഒരു സ്നാനമാണ് ഇന്നു മനുഷ്യർക്കു ദൈവം വച്ചിരിക്കുന്നതു (എഫെസ്യർ 4:4-6). ഏക പ്രത്യാശയും ഏക ദൈവവും ഏക കർത്താവും നമുക്കുള്ളതു പോലെ സ്നാനവും ഒന്നു മാത്രം. മുൻപ് യോഹന്നാന്റെ മാനസാന്തര സ്നാനം നടത്തിയിരുന്നു. അതിനു ശേഷം പരിശുദ്ധാത്മ സ്നാനം നടന്നിരുന്നു. അതേ ആത്മാവിനാൽ നയിക്കപ്പെട്ട് എഴുതപ്പെട്ട ലേഖനത്തിൽ ആണ് ഏക സ്നാനത്തെ പററി പറഞ്ഞിരിക്കുന്നതു. അപ്പൊസ്തലന്മാരുടെ കാലയളവിൽ അന്തിമമായി കല്പിക്കപ്പെട്ട ഏക സ്നാനം ആണ് ഇന്ന് എല്ലാവരും സ്വീകരിക്കേണ്ടതു.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.

Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar. Post Box 3815, New Delhi-110049.

Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 80, Kakinada-533001.

Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth

Post Box 8405, Bangalore 560084.

Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum - 695034 Kerala.

Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth— Speaker: Robert Rathnakar—Box. 448, Bangalore—560004

Sundays — 1 45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378